**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 347 — 12.11.2019-ലെ മറുപടിയ്ക്ക്

## പ്രാദേശിക ഫുട്ബോൾ മേളകൾ പ്രോത്സാഹിപ്പിക്കാൻ നടപടി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.പാറക്കൽ അബ്ദുല്ല<br>,, അബ്ദുൽ ഹമീദ് പി.<br>,, കെ.എം.ഷാജി<br>,, മഞ്ഞളാംകുഴി അലി</td><td colspan="2">ശ്രീ.ഇ.പി.ജയരാജൻ<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി</td></tr>
<tr><td>(എ)</td><td>ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകൾ വഴി പ്രാദേശിക തലത്തിൽ നടക്കുന്ന ഫുട്ബോൾ മേളകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;</td><td rowspan="2">(എ)<br>&<br>(ബി)</td><td rowspan="2">ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ വഴി പ്രാദേശിക തലത്തിൽ നടക്കുന്ന ഫുട്ബോൾ മേളകളെ പ്രോത്സാഹിപ്പിക്കുന്നതിനും ഗ്രാമപ്രദേശങ്ങളിൽ ഫുട്ബോൾ കളിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുമായി പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ കായികോപകരണങ്ങൾ വാങ്ങുന്നതിനു കായിക മേളകൾ നടത്തുന്നതിനും കളിസ്ഥല വികസനത്തിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, കായികതാരങ്ങൾ എന്നിവർക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.<br>കൂടാതെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഒരു സെന്ററിൽ 25 കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസമാണ് പരിശീലനം നൽകുന്നത്. ഫുട്ബോൾ പരിശീലന രംഗത്ത് 10 വർഷത്തിലധികം പരിചയമുള്ള സെപ്റ്റ് എന്ന സംഘടനയുടെ സാങ്കേതിക സഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്നു. നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കായി 14 സെന്ററുകൾ കൂടി തുടങ്ങുന്നതിനുള്ള നടപടികൾ</td></tr>
<tr><td>(ബി)</td><td>ഗ്രാമപ്രദേശങ്ങളിലെ ഫുട്ബോൾ കളിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇത്തരം ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും കളിക്കാർക്ക് പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?</td></tr>
</table>

| | | | |
|---|---|---|---|
| | | | പൂർത്തിയായി വരുന്നു.<br>ഗ്രാമപ്രദേശങ്ങളിലെ ഫുട്ബോൾ കളിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലാ ഫുട്ബോൾ അസോസിയേഷൻ വഴി നടപടികൾ സ്വീകരിച്ചു വരുന്നു. ഫുട്ബോളിനെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്പോർട്സ് അക്കാഡമികളിലൂടെ 285 കായിക താരങ്ങൾക്ക് ഫുട്ബോളിൽ മികച്ച പരിശീലനം നൽകി വരുന്നു.<br>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്ത് തലം മുതൽ സംസ്ഥാനതലം വരെ കേരളോത്സവം നടത്തിവരുന്നു. കേരളോത്സവത്തോടനുബന്ധിച്ച് എല്ലാവർഷവും സംഘടിപ്പിക്കുന്ന ഫുട്ബോൾ മത്സരങ്ങളുടെ ഭാഗമായി 2019-20 സാമ്പത്തിക വർഷം യൂത്ത് ക്ലബ്ബുകൾ /യുവാക്ലബ്ബുകളുടെ പങ്കാളിത്തത്തോടെ ജില്ലാ-സംസ്ഥാന തലങ്ങളിൽ സെവൻസ് ഫുട്ബോൾ മത്സരവും സംഘടിപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**